Reg. No.: ...............................

Name : .................................

M 7407

# III Semester B.A./B.Sc. Degree (CCSS – Reg./Supple./Imp.) Examination, November 2014
## COMMON COURSE IN MALAYALAM
## 3 A 09 MAL : മദ്ധ്യകാല കവിത
## (2012 Admission Onwards)

Time : 3 Hours Max. Weightage : 30

I. നാലു വിഭാഗം ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4x1=4 വെയിറ്റേജ്)**

1) പരമീശൻ പശുപതി ജഗൽപതി –
യൊരു കിരാതനായ്ച്ചമഞ്ഞു വന്നെന്റെ
കരബലം കണ്ടു തെളിഞ്ഞിട്ടല്ലയോ
വരങ്ങളും പാശുപതവും വാങ്ങി ഞാൻ

a) ഏതു കൃതിയിലെ വരികളാണിത് ?

b) സന്ദർഭമെന്ത് ?

c) ആരുടെ വാക്കുകൾ ?

d) പാശുപതം നേടിയത് ആരാണ് ?

2) ഭക്തൻമാർക്കും മുമുക്ഷു ജനങ്ങൾക്കും
സക്തരായ വിഷയീജനങ്ങൾക്കും
ഇച്ഛിച്ചീടുന്നതൊക്കെക്കൊടുത്തീടും
വിശ്വമാതാവു ഭൂമി ശിവ! ശിവ.

a) ഏതു കൃതിയിലേതാണ് പ്രസ്തുത വരികൾ ?

b) കർത്താവാര് ?

c) 'മുമുക്ഷു' എന്ന വാക്കിന്റെ അർത്ഥമെന്ത് ?

d) 'വിഷയീജനം' അർത്ഥമെന്ത് ?

P.T.O.

3) തർണ്ണതസ്കരം കൊണ്ടു നാന്മുഖനെക്കരയിച്ചു
വർണ്ണിപ്പാനിന്നിതിൽപ്പരമുണ്ടോ വൈഭവം

a) ഏതു കൃതിയിലെ വരികളാണ് പ്രസ്തുതം ?

b) 'തർണ്ണതസ്കരം' എന്ന വാക്കിന്റെ അർത്ഥമെന്ത് ?

c) ഏതു സന്ദർഭം ?

d) നാന്മുഖനെ കരയിച്ചത് ആരാണ് ?

4) ഇനിക്കിന്നിതു കേട്ടിട്ടു ജ്വലിക്കുന്നുണ്ടു കോപം
പിണക്കിയകറ്റുവൻ ഞാനവനെയും ധ്രുവമവളെയും

a) ഏതു കൃതിയിലെ വരികളാണ് പ്രസ്തുതം ?

b) കർത്താവാര് ?

c) ആര് ആരോടു പറയുന്നു ?

d) സന്ദർഭമെന്ത് ?

5) ആയിരം പോരുന്ന യോഗിക്കുഞ്ഞാൾ
ആയിരത്തൊന്നല്ലേ കൊഞ്ഞിണിമക്കൾ
മുണ്ടത്ത് വാരരും പൂക്കൊട്ടയും

a) ഏത് പാട്ടിലെ വരികളാണ് പ്രസ്തുതം ?

b) യോഗിക്കുഞ്ഞാൾ ആരാണ് ?

c) മുണ്ടത്തു വാര്യർ ആരാണ് ?

d) ഏതു സമുദായക്കാരാണ് ഈ സംഘനൃത്തം അവതരിപ്പിക്കുന്നത് ?

II. **എഴുപത്തിയഞ്ചു (75)** വാക്കിൽ കവിയാതെ **നാലു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(4×1=4 വെയിറ്റേജ്)**

6) 'ഒരു ശസ്ത്രാസ്ത്രങ്ങൾ വഴിയേ തോന്നീല
ഗുരുശാപത്തിനാലതുമകപ്പെട്ടു.' സന്ദർഭം വിശദമാക്കുക.

7) 'ചെഞ്ചെമ്മേയുള്ളൊരു സന്ന്യാസിയല്ലിവൻ
വഞ്ചകനെന്നതേ വന്നു കൂടു.' വിവക്ഷിതമെന്ത് ?

8) 'കർമ്മപാശത്തെ ലംഘിക്കയെന്നതു
ബ്രഹ്മാവിന്നുമെളുതല്ല നിർണ്ണയം' – വ്യാഖ്യാനിക്കുക.

9) 'ജന്മം വ്യർഥമാക്കിപ്പതിവ്രതയെപ്പട്ടിണിക്കിട്ട
കല്മഷവാനുണ്ടോ ഗതി, മുക്തനായാലും ?' – സന്ദർഭം വ്യക്തമാക്കി സൂചിതം വിവരിക്കുക.

10) 'ഊണിനാസ്ഥ കുറഞ്ഞു; നിദ്രനിശയിങ്കൽ പോലുമില്ലാതെയായ്
വേണുന്നോരൊടൊരാഭിമുഖ്യമൊരുനേരം നാസ്തി നക്തം ദിവം
കാണും പോന്നു പുറത്തു നിന്നു കരയും മൈമി.' സന്ദർഭമെന്ത് ?

III. നൂറ്റമ്പത് (150) വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(5×2=10 വെയിറ്റേജ്)**

11) 'കുരുപ്രവീരനാം ധൃതരാഷ്ട്രൻതാനു –
മുറക്കെ വാവിട്ടങ്ങലറി വൻമരം
മുറിച്ചു ഭൂമിയിൽ ചെരിച്ചതുപോലെ
വിറച്ചു വീണിതു പെരുത്ത ദുഃഖത്താൽ' – ആരുടെ വാക്കുകൾ ? സന്ദർഭമെന്ത് ?

12) 'കന്ദർപ്പന്തന്നുടെ കാന്തിയെ വെല്ലുന്ന
സുന്ദരനായൊരു പാർത്ഥന്തന്നിൽ
മുന്നമേ ചെന്നുള്ളോരെന്നുടെ മാനസം
തന്നിലേയാക്കുന്നോനിന്നിവന്താൻ' – സന്ദർഭം വിശദീകരിക്കുക.

13) 'ജന്മനാശം വരുത്തേണമെങ്കിലും
ഭാരതമായ ഖണ്ഡമൊഴിഞ്ഞുള്ള
പാരിലെങ്ങുമെളുതല്ല നിർണ്ണയം' – വിവക്ഷിതമെന്ത് ?

14) 'നാട്ടിനെ നന്നാക്കിയതുമോർത്താലെങ്ങും ജയസ്തംഭം
നാട്ടുമീ നവാവതാരമെന്നു തോന്നുന്നു' – വ്യാഖ്യാനിക്കുക.

15) ആന വിറ്റു പണമുണ്ടാക്കുന്നവരെത്തെളിയിപ്പാൻ
ചേന വിറ്റു പൊറുക്കുന്ന ചങ്ങാതി മതിയാമോ ? – വിവക്ഷിതമെന്ത് ?

16) 'കരിശത്താൽ അതിരറ്റെ പഠിപ്പവർക്കിരുവർക്കും
കവിന്തേറ്റം മനം തന്നിൽ കിറുഫ ഹുബ്ബും-കനതി
കൂടി തീനും നടപ്പൊരു മനം പോലെയാം' – ആശയം വിശദമാക്കുക.

IV. മുന്നൂറു (300) വാക്കിൽ കവിയാതെ മൂന്നു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**(3×4=12 വെയിറ്റേജ്)**

17) 'പണ്ഡിതനും പാമരനും കൃഷ്ണഗാഥ ആസ്വാദ്യമാണ്. ആ രസികത്തത്തിന്റെ മാധുര്യം അതിനുമാത്രമേയുള്ളൂ'. പരിശോധിക്കുക.

18) 'നാടോടിശൈലിയും ക്ലാസ്സിക് ശൈലിയും സമന്വയിച്ച ദൃശ്യകലയാണ് കുഞ്ചൻ നമ്പ്യാരുടെ തുള്ളൽ-സഭാപ്രവേശം പറയൻ തുള്ളൽ' – ഉപന്യസിക്കുക.

19) നാടകഘടനയെ അനുവർത്തിക്കുന്ന ആട്ടക്കഥ എന്ന നിലയിൽ 'നളചരിത'ത്തിന്റെ മൂല്യം വിലയിരുത്തുക.

20) 'അന്നപൂർണ്ണേശ്വരിയുടെ പ്രതിഷ്ഠയെ മുൻനിർത്തി ഭാവനാത്മകമായി വിരചിതമായ പാട്ടാണ് കോതാമ്മൂരിപ്പാട്ട്' – ഉപന്യസിക്കുക.

---